# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 862** — **11.07.2016 ൽ മറുപടിക്ക്**

## അടച്ചുപൂട്ടുന്ന വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പ്രൊഫ.സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളാണ് അനാദായകരമെന്ന് കണ്ടെത്തിയത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; | (എ) 2015-2016 ലെ കണക്കുപ്രകാരം സംസ്ഥാനത്തെ കുട്ടികൾ കുറവായ 5715 സ്കൂളുകളിൽ സർക്കാർ സ്കൂളുകൾ 2606 ഉം എയ്ഡഡ് സ്കൂളുകൾ 3109 ഉം ആണ്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത്തരം വിദ്യാലങ്ങളിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവ എത്രയാണ്; വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന 44 എയ്ഡഡ് സ്കൂളുകളിൽ 4 എണ്ണം ബഹു. ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടി. |
| (സി) അടച്ചുപൂട്ടുന്ന വിദ്യാലയങ്ങളെ സർക്കാർ ഏറ്റെടുക്കുമോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ 4 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഡി) സംസ്ഥാനത്ത് ഇതിനകം എത്ര വിദ്യാലയങ്ങൾ ഇങ്ങനെ ഏറ്റെടുത്തിട്ടുണ്ട്; കണക്കുകൾ വെളിപ്പെടുത്തുമോ; | (ഡി) അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂളുകൾ ഇതുവരെ സർക്കാർ ഏറ്റെടുത്തിട്ടില്ല. |
| (ഇ) അനാദായകരമായ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും നിലനിർത്തുവാനും നടപടികൾ സ്വീകരിക്കുമോ? | (ഇ) ഇത്തരം സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

Rema.V

സെക്ഷൻ ഓഫീസർ

അനുബന്ധം

# Number of uneconomic schools during the year 2015-16

| Sl. No. | DIST | GOVERNMENT | AIDED | TOTAL |
|---|---|---|---|---|
| 1 | TVM | 276 | 134 | 410 |
| 2 | KLM | 246 | 172 | 418 |
| 3 | PTA | 216 | 285 | 501 |
| 4 | ALP | 231 | 180 | 411 |
| 5 | KTM | 271 | 289 | 560 |
| 6 | IDK | 148 | 111 | 259 |
| 7 | EKM | 279 | 211 | 490 |
| 8 | TSR | 147 | 286 | 433 |
| 9 | PKD | 155 | 227 | 382 |
| 10 | MPM | 113 | 118 | 231 |
| 11 | KKD | 167 | 426 | 593 |
| 12 | WYD | 76 | 17 | 93 |
| 13 | KNR | 140 | 583 | 723 |
| 14 | KSD | 141 | 70 | 211 |
| TOTAL | | 2606 | 3109 | 5715 |

Rema.V

സെക്ഷൻ / ഓഫീസർ